**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 85** **08-08-2023 - ൽ മറുപടിയ്ക്ക്**

**വിമാനയാത്രാ കമ്പനികൾ നടത്തുന്ന ചൂഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അവധിക്കാലങ്ങളിൽ പ്രവാസികളുടെ യാത്രാനിരക്ക് വർദ്ധിപ്പിച്ച് വിമാന കമ്പനികൾ നടത്തുന്ന ചൂഷണം നിയന്ത്രിക്കുന്നതിനായി സംസ്ഥാന സർക്കാർ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയവുമായി ഇടപെട്ടതിനെ തുടർന്ന് എന്തെങ്കിലും നടപടികൾ ഉണ്ടായിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ; | (എ) | വിമാന കമ്പനികൾ നടത്തുന്ന ചൂഷണം നിയന്ത്രിക്കുന്നത് സംബന്ധിച്ച വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിരുന്നെങ്കിലും, അനുകൂല പ്രതികരണം ലഭ്യമായിട്ടില്ല. വിമാനയാത്രാ നിരക്കുകൾ നിശ്ചയിക്കുന്നത് കേന്ദ്രവ്യോമയാന മന്ത്രാലയമല്ലെന്നും, 1937-ലെ എയർക്രാഫ്റ്റ് ചട്ടങ്ങൾ പ്രകാരം സർവ്വീസിന്റെ പ്രത്യേകത, നടത്തിപ്പ്, യാത്രക്കാരുടെ തിരക്ക്, ചെലവ്, ലാഭം എന്നിവ പരിഗണിച്ച് യാത്രാനിരക്ക് നിശ്ചയിക്കുന്നതിനുള്ള പൂർണ്ണ അധികാരം വിമാന കമ്പനികൾക്കുണ്ടെന്നുമാണ് കേന്ദ്ര വ്യോമയാന മന്ത്രാലയം അറിയിച്ചിട്ടുള്ളത്. ഇക്കാര്യത്തിലുണ്ടായിരുന്ന നിയന്ത്രണം 1994-ൽ കേന്ദ്രസർക്കാർ എടുത്തുകളഞ്ഞതിലൂടെ എയർക്രാഫ്റ്റുകൾക്ക് സ്വന്തം നിലയിൽ നിരക്ക് നിശ്ചയിക്കാൻ കേന്ദ്രസർക്കാർ സ്വാതന്ത്ര്യം നൽകിയിരിക്കുകയാണ് . |
| (ബി) | സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ നിന്നുള്ള ആഭ്യന്തരം, വിദേശ സർവ്വീസുകളുടെ യാത്രാ ചെലവ് കുറയ്ക്കുന്നതിലേക്കായി ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ ചുമത്തിയിരുന്ന കെ.ജി.എസ്.റ്റി-യിൽ സംസ്ഥാനം കുറവ് വരുത്തിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ ? | (ബി) | സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ നിന്നുമുള്ള ആഭ്യന്തര, വിദേശ സർവ്വീസുകളുടെ യാത്രാച്ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി വിമാനടിക്കറ്റുകളുടെ നിരക്ക് നിർണ്ണയിക്കുന്നതിൽ പ്രധാന ഘടകമായ ഏവിയേഷൻ ടർബൈൻ ഫ്യൂവലിന്മേൽ (ATF) ചുമത്തിയിരുന്ന KGST-യിൽ സംസ്ഥാനം കുറവ് വരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ